# മാർക്ക് തട്ടിപ്പ്: ഒരനുബന്ധം

നിങ്ങൾ അയച്ചുതന്ന കേരളീയം പത്രത്തിലെ റാങ്കുകളുടെ പിന്നിലെ കളി
കൾ എന്ന ലേഖനം വായിച്ചു. കഴിഞ്ഞ കുറേ വർഷങ്ങളായി കോഴിക്കോടു
സർവകലാശാലയിൽ സാമ്പത്തികശാസ്ത്ര വിഷയത്തിൽ നടന്നുവരുന്ന പരീ
ക്ഷാക്രമക്കേടുകൾ സംബന്ധിച്ച് കേരളത്തിലെ പല പ്രമുഖ ദിനപത്രങ്ങളും
ഇതിനു മുമ്പ് എഡിറ്റോറിയൽ സഹിതം എഴുതിയതാണ്. എന്നാൽ കേരളീയം
ഈ വിവാദ വിഷയത്തിൽ കുറേ കൂടി ആത്മാർഥമായി, ആഴത്തിൽ പഠനം നട
ത്തിയതിന്റെ ഫലമായി ഞങ്ങളിൽ പലർക്കും അജ്ഞാതമായിരുന്ന, ചിന്തി
ക്കാൻ കൂടി സാധിക്കാത്ത, തികച്ചും ലജ്ജിപ്പിക്കുന്നതും ഞെട്ടിപ്പിക്കുന്നതു
മായ വിവരങ്ങളാണ് വെളിച്ചത്തുകൊണ്ടുവന്നത്. ഈ വിവരങ്ങളുടെ വെളിപ്പെ
ടുത്തൽ കുറേ കൂടി സൗമ്യമായ, മാന്യമായ ഭാഷയിൽ തികച്ചും പക്വതയോടു
കൂടിയായിരുന്നുവെങ്കിൽ കൂടുതൽ നന്നാകുമായിരുന്നുവെന്ന അഭിപ്രായം എനി
ക്കുണ്ട്. ഇതിൽ കേരളീയം ചൂണ്ടിക്കാണിച്ച ചില വസ്തുതകൾ കഴിഞ്ഞവർഷം
എം.എ. പാസ് ബോർഡ് അംഗമായ എനിക്ക് അറിവുള്ളതാണ്. ഖേദകരമെന്നു
പറയട്ടെ, ഈ വർഷവും ഈ വക കാര്യങ്ങളിൽ കാര്യമായ യാതൊരു പുരോഗ
തിയും ഉണ്ടായിട്ടില്ലായെന്നതാണ് എന്റെ ഈ വർഷത്തെയും അനുഭവം. എം.എ
പാസ് ബോർഡിൽ അംഗമാണെന്ന് അറിഞ്ഞ ഉടൻ തന്നെ പുതിയ ചെയർമാ
നായി സ്ഥാനമേറ്റ പ്രൊഫസർ മുഹമ്മദ് കോയയ്ക്ക് കത്തയച്ച്, ഈ വർഷത്തെ
എം.എ.പരീക്ഷയിലെങ്കിലും മുൻ വർഷങ്ങളിലെ പാളിച്ചകൾ ആവർത്തിക്കപ്പെ
ടരുതെന്ന് ഞാൻ വ്യക്തിപരമായി അറിയിച്ചതാണ്. കത്തു മുഖേന ഞാൻ അറി
യിച്ച കാര്യങ്ങൾ പ്രധാനമായും താഴെ പറയുന്ന രീതിയിൽ മൂന്നെണ്ണമായിരുന്നു.


1. എം.എ.യുടെ മൂല്യനിർണയം നടത്തുന്ന അധ്യാപകർ ഒരു വർഷമെ
ങ്കിലും പഠിപ്പിച്ചിട്ടുള്ള, അതുപോലെ ഇപ്പോൾ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന,
വിഷയങ്ങൾ മാത്രമേ മൂല്യനിർണയം നടത്തുന്നുള്ളൂവെന്ന് ചെയർമാൻ ഉറപ്പു
വരുത്തണം. അതല്ലാതെ, അഞ്ചോ ആറോ മണിക്കൂർ ഡിസ്റ്റൻസ് എഡ്യുക്കേ
ഷനിൽ ക്ലാസെടുത്തുവെന്നോ മറ്റുമുള്ള പതിവു പല്ലവി ആവർത്തിക്കുന്ന
അധ്യാപകർക്ക്, അവർ പഠിപ്പിക്കാത്ത വിഷയങ്ങളിൽ മൂല്യനിർണയത്തിന്
പേപ്പറുകൾ നല്കരുത്.

2. ഓരോ അധ്യാപകനും നല്കുന്ന മൂല്യനിർണയം നടത്തേണ്ട പേപ്പറിന്റെ
എണ്ണം 100 ആയിരിക്കണം. പരമാവധി 150 പേപ്പറിൽ കൂടുതൽ ഒരു സാഹചര്യ
ത്തിലും മൂലന്യനിർണയത്തിനു നല്കരുത്. ഇതിനാവശ്യമായ, സീനിയറായ
അധ്യാപകരെ കിട്ടാതെ വരുന്ന സാഹചര്യത്തിൽ മിനിമം അഞ്ചു വർഷം
സർവീസുള്ള എല്ലാ അധ്യാപകർക്കും അവരവർ പഠിപ്പിക്കുന്ന വിഷയങ്ങളിൽ
പേപ്പറുകൾ നല്കി, മൂല്യനിർണയം പരമാവധി കുറ്റമറ്റതാക്കുക.

3. കഴിവതും വേഗം പരീക്ഷാഫലം പുറപ്പെടുവിക്കുക.

മേൽ പറഞ്ഞ കാര്യങ്ങൾ എഴുതി നല്കിയെങ്കിലും സംഭവിച്ചതെന്തെന്നോ?
ഓരോ അധ്യാപകനും 500 – 650നും ഇടയിൽ പേപ്പറുകൾ മൂല്യനിർണയം നട
ത്തേണ്ടി വന്നു. ചിലർക്ക് 700– 850 പേപ്പറുകൾ വരെ ലഭിച്ചതായി അറിയുന്നു.
എനിക്ക് ആദ്യം 279 പേപ്പറുകളാണ് വാല്യൂവേഷന് അയച്ചു. അവ നോക്കി തീർത്തു
നല്കിയപ്പോൾ 450 പേപ്പർ കൂടി അയയ്ക്കുമെന്ന് ചെയർമാൻ അറിയിച്ചപ്പോൾ
ആ പേപ്പറുകൾ ഞാൻ നോക്കില്ലെന്നും തിരിച്ചയയ്ക്കുമെന്നും പറഞ്ഞപ്പോൾ
എന്റെ പേപ്പർ 279 ൽ നിലനിർത്തി. ഇതേപോലെ ഒരധ്യാപകന് താൻ കോളെ
ജിൽ ഒരു ദിവസം പോലും പഠിപ്പിക്കാത്ത വിഷയത്തിൽ 700 ലധികം പേപ്പറു
കൾ നല്കിയെന്നാണ് അറിയാൻ കഴിഞ്ഞത്. ചുരുക്കത്തിൽ എം.എ. ഇക്കണോ
മിക്സിലുള്ള 19 കോളജുകളാണ് കോഴിക്കോട് സർവകലാശാലയുടെ കീഴിലു
ള്ളത്. ഇവയിൽ ഓരോ വിഷയത്തിലും 10 മുതൽ 15 വർഷം വരെ പഠിപ്പിക്കുന്ന,
നിരവധി വർഷങ്ങൾ പഠിപ്പിച്ച, അനുഭവസമ്പത്തുള്ളവർ നില്ക്കുമ്പോഴാണ്
ഒരു വർഷം പോലും പഠിപ്പിക്കാത്ത അധ്യാപകന് മൂല്യനിർണയം നടത്തു
വാൻ നൂറുക്കണക്കിന് പേപ്പറുകൾ നല്കുന്നത് ! ഇതിന്റെയെല്ലാം ഫലമായിട്ട്
മൂല്യനിർണയത്തിൽ വളരെയധികം അപാകതകൾ ഉണ്ടാവുകയും ഒന്നും രണ്ടും
വാല്യുവേഷൻ തമ്മിൽ, 90 ശതമാനം പേപ്പറുകളിൽ, വളരെ വ്യത്യാസം ഉണ്ടാ
വുകയും മൂന്നാമത്തെ വാല്യുവേഷൻ അനിവാര്യമായി തീരുകയും ചെയ്യുന്നു.
മൂന്നാമത്തെ ഈ വാല്യുവേഷൻ നടത്തുന്നവരാകട്ടെ തങ്ങൾ പഠിപ്പിക്കാത്ത
വിഷയങ്ങൾ മൂല്യനിർണയം നടത്തുമ്പോൾ, പ്രശ്നങ്ങൾ വീണ്ടും സങ്കീർണ
മാവുന്നു ചുരുക്കത്തിൽ തികച്ചും ഭാഗ്യക്കുറി പോലെയാവുന്നു വിദ്യാർഥിക്ക്
കിട്ടുന്ന മാർക്കിന്റെ സ്ഥിതി. ഈ വർഷവും തങ്ങൾ ഒരിക്കലും എം.എയ്ക്കു പഠി
പ്പിക്കാത്ത വിഷയങ്ങളിൽ ചില അധ്യാപകർ മൂന്നാമതു മൂല്യനിർണയം നട
ത്തിയെന്നതാണ് ദുഃഖകരമായ ഒരു യാഥാർഥ്യം.

ഇവിടെ അധ്യാപകർ ഓർമ്മിക്കേണ്ട ഒരു വസ്തുതയുണ്ട്. അതായത് താൻ
പഠിപ്പിക്കാത്ത വിഷയങ്ങൾ മൂല്യനിർണയം നടത്തുകയില്ലെന്ന കാര്യം. ബഹു
ഭൂരിപക്ഷം അധ്യാപകരും ഇതേ തരക്കാരാണെങ്കിലും കുറേ അധ്യാപകർ
യാതൊരു മനസാക്ഷിയുമില്ലാതെ പൈസ മാത്രം ലക്ഷ്യമാക്കി താൻ പഠിപ്പി
ക്കാത്ത വിഷയങ്ങളിലെ പേപ്പറുകൾ മൂല്യനിർണയം ഇപ്പോഴും നടത്തുന്നുണ്ട്.
ചെയർമാൻ പദവി ഏറ്റെടുക്കുന്ന അധ്യാപകൻ, ഇക്കൂട്ടർക്ക് അവർ പഠിപ്പി
ക്കാത്ത വിഷയങ്ങളിൽ പേപ്പർ നല്കില്ലായെന്ന് ഉറച്ച തീരുമാനം എടുക്കണം.
അധ്യാപകർ സ്വമേധയാ ഇങ്ങനെയൊരു തീരുമാനം എടുക്കാത്ത അവസര
ത്തിൽ മാത്രം ചെയർമാൻ അനുവർത്തിക്കേണ്ട കാര്യമാണ് സൂചിപ്പിച്ചത്.




ചുരുക്കത്തിൽ കോഴിക്കോട് സർവകലാശാലയിൽ, സാമ്പത്തികശാസ്ത്ര
ത്തിൽ, പരീക്ഷാ മൂല്യനിർണയത്തിന്റെ കാര്യത്തിൽ, യാതൊരു നിയമവും മാന
ദണ്ഡവും ഇല്ലാത്ത തരത്തിൽ ഒരു നാഥനില്ലാ കളരി പോലെയാണ് സംഗതി
കൾ നീങ്ങുന്നത്. ഇതിന്റെ ഫലമായി നിരവധി വർഷങ്ങൾ കഷ്ടപ്പെട്ടു പഠിച്ചു
പരീക്ഷയെഴുതിയ പല വിദ്യാർഥികൾക്കും അവരർഹിക്കുന്ന മാർക്ക് ലഭി
ക്കാതെ വരികയും, പഠിക്കാത്തവർക്ക് അനായസം നല്ല മാർക്ക് ലഭിക്കുന്ന
സാഹചര്യവും വന്നു ചേരുന്നു. പരീക്ഷാ മൂല്യനിർണയത്തിലുള്ള ഈ ഗുരുത
രമായ പ്രതിസന്ധി പരിഹരിക്കുവാൻ ഇന്നു നിലവിലുള്ള അധ്യാപക സംഘ
ടനകൾക്കും രാഷ്ട്രീയ പാർട്ടികൾക്കും എന്തിന് വിദ്യാർഥി പ്രസ്ഥാനങ്ങൾക്കു
പോലും താത്പര്യമില്ലായെന്നതാണ് ഇതിലേറ്റവും ദുഃഖകരമായ യാഥാർഥ്യം.
ഈ ദുരവസ്ഥയിൽ നിന്നും ഒരു നേരത്തെ ഭക്ഷണത്തിനും, ബസ് ടിക്കറ്റ് എടു
ക്കുവാൻ പോലും കഴിവില്ലാതെ, കഷ്ടപ്പെട്ടു പഠിക്കുന്ന നിരവധി പാവപ്പെട്ട
വിദ്യാർഥികളെ എങ്ങിനെ രക്ഷിക്കാമെന്നതാണ് ഞങ്ങളെ പോലെയുള്ള അധ്യാ
പകരെ അലട്ടുന്ന ഏറ്റവും വലിയ പ്രതിസന്ധി.

**എ.എ. ബേബി, സാമ്പത്തികശാസ്ത്ര അധ്യാപകൻ,**
**സെന്റ് തോമസ് കോളെജ്, തൃശൂർ .**